പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6640

04.04.2018 ൽ മറുപടിക്ക്

# കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. നൗഷാദ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിജയകരമായ റെയിൽവേ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ചിട്ടുള്ള സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുകയുണ്ടായി. സംയുക്ത സംരംഭക കമ്പനി റെയിൽവേയുടേയും അതത് സംസ്ഥാന സർക്കാരുകളുടെയും പരമാവധി 50% ഓഹരി മൂലധനത്തോടുകൂടി തുടങ്ങുവാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഇതു പ്രകാരം കേരള സർക്കാരിന്റെയും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ 2017 ജനുവരി മാസം കമ്പനീസ് ആക്റ്റ് അനുസരിച്ച് ആരംഭിച്ച ഒരു സംയുക്ത സംരംഭക കമ്പനിയാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ.<br>സംയുക്ത സംരംഭക കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള സാധ്യതയുള്ള പ്രോജക്ടുകൾ കണ്ടു പിടിക്കുക.<br>2. സാധ്യതാ റിപ്പോർട്ടുകൾ, സാമ്പത്തിക വരുമാന സാധ്യത വയബിളിറ്റി ഗ്യാപ്പ് ഫണ്ടിംഗ്.<br>3. റെയിൽവേ ബോർഡിൽ നിന്നും ആരംഭ അനുമതി കിട്ടാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ<br>4. റെയിൽവേ ബോർഡിൽ നിന്നും അനുമതി വാങ്ങാൻ വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടുകളും തയ്യാറാക്കുക.<br>5. അനുമതി കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിനു വേണ്ടിയുള്ള പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗത്തിന്റെ (SPV) ഫോർമേഷൻ<br>6. കമ്മീഷൻ ചെയ്ത പ്രോജക്ടുകളുടെ മെയിന്റിനൻസ് |
| (ബി) പ്രസ്തുത കോർപ്പറേഷൻ സംസ്ഥാനത്ത് ഏതെങ്കിലും | (ബി) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന |

റെയിൽവെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതികൾ താഴെ വിവരിക്കുന്നു.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
4. എരുമേലി- പുനലൂർ ബ്രോഡ് ഗേജ് പാത
5. ഏറ്റുമാനൂർ - പാല - ശബരി ലിങ്ക് ലൈൻ
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന നാല് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മേൽപ്പറഞ്ഞവയിൽ വിഴിഞ്ഞം ബ്രോഡ് ഗേജ് ലൈൻ കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ പിന്നീട് റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ